# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 1828 25-03-2013 ന് മറുപടിയ്ക്ക്**

## വനത്തോട് ചേർന്നുള്ള ഭൂപ്രദേശങ്ങളിലെ ജൈവവൈവിദ്ധ്യം

**ചോദ്യം**

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
" ഐ. സി. ബാലകൃഷ്ണൻ
" എ. റ്റി. ജോർജ്
" വി. പി. സജീന്ദ്രൻ

**മറുപടി**

ശ്രീ.കെ.ബി.ഗണേഷ്കുമാർ
(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) വനത്തോട് ചേർന്നുള്ള ഭൂപ്രദേശങ്ങളിലെ ജൈവ വൈവിദ്ധ്യം സംരക്ഷിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള നിശ്ചിത അകലത്തിലുള്ള മേഖലകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനായി ഇവ ഇക്കോ സെൻസിറ്റീവ് സോണുകളായി പ്രഖ്യാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ വനംവകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ വനങ്ങളോടൊപ്പം വനമേഖലകൾക്കു ചുറ്റുമുള്ള ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിനു വേണ്ടി പൊതുജനങ്ങൾക്കായി, പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കായി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ ഘട്ടത്തിലാണ്. സംസ്ഥാന സർക്കാർ സമർപ്പിക്കുന്ന കരട് നോട്ടിഫിക്കേഷൻ കേന്ദ്ര സർക്കാർ അംഗീകരിക്കുന്ന മുറയ്ക്ക്; കേന്ദ്രസർക്കാരിന്റെ നിർദ്ദേശാനുസരണമാണ് തുടർ നടപടികൾ സ്വീകരിക്കേണ്ടത്. |

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ?

(സി) വനമേഖലകൾക്കു ചുറ്റുമുള്ള ജൈവവൈവിദ്ധ്യ സംരക്ഷണത്തിനായി ബന്ധപ്പെട്ട എല്ലാ സർക്കാർ സ്ഥാപനങ്ങളുടേയും സർക്കാരേതര സംഘടനകളുടേയും തദ്ദേശവാസികളുടേയും സഹകരണം അത്യന്താപേക്ഷിതമാണ്. വനംവകുപ്പ് നടത്തുന്ന പല ബോധവൽക്കരണ പ്രവർത്തനങ്ങളും ഈ പങ്കാളിത്തവും സഹകരണവും ഉറപ്പാക്കുന്നവയാണ്. ഇക്കോസെൻസിറ്റീവ് സോണുകളുടെ പ്രഖ്യാപനത്തിനുള്ള പ്രാരംഭ നടപടികൾ മാത്രമേ ഇപ്പോൾ സ്വീകരിച്ചിട്ടുള്ളൂ. ഇക്കാര്യത്തിൽ തീരുമാനമായശേഷം ജൈവവൈവിദ്ധ്യ സംരക്ഷണത്തിനായി ഏതൊക്കെ ഏജൻസികളുടെ പങ്കാളിത്തം കൂടി വേണമെന്ന കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

സെക്ഷൻ ഓഫീസർ